# വിപരീതസ്വരത്തിന്റെ കവിത

ഡോ. മിനി പ്രസാദ്

വിപരീതസ്വരത്തിന്റെ
കവിത
ഡോ. മിനി പ്രസാദ്

വെള്ളാമ്പൽപ്പൊയ്കയുടെ മനോഹാരിതയേക്കാൾ മനുഷ്യജീവിതത്തിന്റെ പൊള്ളുന്ന മുഖങ്ങളും വ്യാകുലതകളുമാണ് തന്റെ കവിത എന്ന ഉറച്ച പ്രഖ്യാപനവും വിശ്വാസവുമായി മലയാളകവിതയിൽ നിലയുറപ്പിച്ച കവിയായിരുന്നു ഇടശ്ശേരി. അദ്ദേഹത്തിന്റെ കാവ്യജീവിതത്തിന്റെ പുഷ്ക്കലമായ കാലഘട്ടം ആയിരത്തിത്തൊള്ളായിരത്തി അൻപതുകളാണ്; ഭാരതത്തിന്റെ സ്വാതന്ത്ര്യാനന്തര കാലഘട്ടം. രാജ്യത്തിന്റെ സർവതോൻമുഖമായ പുരോഗതി ലക്ഷ്യമാക്കി അനേകം കർമ്മ പദ്ധതികൾ നടപ്പിൽ വന്ന കാലം. ഈ പുരോഗമന പദ്ധതികളോരോന്നിലും അപകടങ്ങൾ പതിയിരിക്കുന്നതായി ഇടശ്ശേരി തിരിച്ചറിയുകയും വിളിച്ചു പറയുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ ഈ കവിതകൾക്കൊരു പ്രവചനാത്മകസ്വഭാവം കൈവരുന്നു. എല്ലാവർക്കും പ്രശംസനീയമായി കാണാവുന്ന പലതിനെയും ഇതിനോട് ചേരാനാവാതെ നിൽക്കുന്ന കവി ചേതന സംശയത്തോടെ വീക്ഷിക്കുകയും തന്നോടും ചുറ്റുമുള്ള സമൂഹത്തോടും അശാന്തമായ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. വ്യക്തിഗതമായ താത്പര്യങ്ങളിൽ മാത്രം തത്പരമായൊരു സമൂഹത്തോടാണ് ഈ ചോദ്യങ്ങൾ ചോദിക്കുന്നത് എന്നതിനാൽ ഇതിനൊരിക്കലും ഉത്തരം ലഭിക്കുന്നില്ല. പക്ഷേ സ്വന്തം അശാന്തതയിൽ നിന്നുയരുന്ന ചോദ്യങ്ങൾ ചോദിക്കാനും കവിക്കാവുന്നില്ല. രേഖീയമായ വികസനവും തത്ഫലമായ പുരോഗതിയും അപകടങ്ങൾ വരുത്തുമെന്ന യാഥാർത്ഥ്യം ലോകത്തിന് ബോദ്ധ്യപ്പെടുന്നതിനും മുമ്പ് വളരെ വ്യക്തമായി, നിശിതമായി ഇടശ്ശേരി പറഞ്ഞിരുന്നു. പാരിസ്ഥിതികമായൊരു തകിടംമറിച്ചിൽ സംഭവിക്കാനിടയുണ്ടെന്ന മുന്നറിയിപ്പായിരുന്നു ഇവയിൽ മുഖ്യം. മനുഷ്യന്റെ പ്രവൃത്തികൾ കൊണ്ടാണ് ഇത്തരം പാരിസ്ഥിതികമായ ദുരന്തങ്ങൾ സംഭവിക്കാനിടയാവുന്നത് എന്നാണ് ഇതിന്റെ മറുവശം. ഈ മറുവശവും ഇടശ്ശേരിക്കവിതയിൽ ഇടം നേടുന്നു.

ശാസ്ത്രം ജിജ്ഞാസയിൽ നിന്ന് പ്രായോഗികതയിലേക്ക് സംക്രമിക്കുന്നതോടെയാണ് മനുഷ്യനും പ്രകൃതിയുമായുള്ള ബന്ധത്തിന്റെ ആർദ്രമായൊരു കണ്ണി അറ്റുപോവുന്നത്. പ്രകൃതി രഹസ്യങ്ങൾക്ക് ശാസ്ത്രീയമായ ഭാഷ്യം ലഭിച്ചതോടെ അവയത്രയും കീഴടക്കുക എന്ന ഏക ലക്ഷ്യത്തിലേക്ക് ഈ അറിവുകൾ വഴുതിപ്പോയി. പാർശ്വഫലങ്ങളെക്കുറിച്ച് ചിന്തയില്ലാതെ പുരോഗതി എന്ന ഏകലക്ഷ്യത്തിലേക്കുള്ള പോക്ക് ഭാവിയിൽ ഒരു കെണിയാവും എന്ന അറിവ് ഇപ്പോൾ ലോകത്തിന് സ്വന്തമാണ്. ഈ ബോദ്ധ്യം ആയിരത്തിത്തൊള്ളായിരത്തി അൻപതുകളിലേ ഇടശ്ശേരിക്കുണ്ടായിരുന്നു. സത്യവും സൗന്ദര്യവും എന്ന കവിതയിൽ ശാസ്ത്രത്തിന്റെ മായക്കണ്ണാടിയിൽ തനിക്ക് താത്പര്യമില്ലെന്നും കൺമുന്നിലെ സത്യങ്ങളോടാണ് താത്പര്യമെന്നും കവി പറയുന്നു. കൺമുന്നിലെ സത്യങ്ങൾ എന്നും അദ്ദേഹത്തെ ആകർഷിക്കുകയും വേദനിപ്പിക്കുകയും ചെയ്തിരുന്നു. കാഴ്ചകളുടെ ഉപരിപ്ലവത കണ്ടുമടങ്ങിയ മറ്റുകണ്ണുകളിൽ നിന്നും വ്യത്യസ്തമായി ഈ കാഴ്ചകളുടെ അഗാധത അന്വേഷിക്കുന്ന മനസ്സാണ് ഈ കവിതകളുടെ വ്യതിരിക്തതയ്ക്ക് നിദാനം. പൊട്ടി പുറത്ത് ശീവോതി അകത്ത് എന്ന കവിതയിൽ ഓരോ വർഷവും കുടിവെയ്ക്കുന്ന ശ്രീഭഗവതികൾ പിറ്റേ വർഷം പൊട്ടികളായി പഴമുറത്തിലേക്കു മാറുന്ന പ്രദിഭാസത്തെപ്പറ്റി പറയുന്നുണ്ട്. ഒരു കാലത്തെ ആരാധന വരും കാലത്ത് അപഹാസ്യമാവുന്നതിന്റെ ഓർമ്മപ്പെടുത്തലാണിത്.

ചകിരിക്കുഴികൾ എന്ന കവിതയിൽ മനുഷ്യ ദീനതയുടെ ആഴത്തെ നിത്യപരിചയം അവഗണിക്കുന്നതിനെപ്പറ്റി ഇടശ്ശേരി പറയുന്നുണ്ട്. അദ്ദേഹത്തിന്റെ പരിസ്ഥിതി ദർശനങ്ങളിലേക്ക് പ്രവേശിക്കേണ്ടത് ഈ കവിതയിലൂടെയാണ്. പരിസ്ഥിതിയെന്നാൽ മഴയും പുഴയും കാടുമാണെന്ന സങ്കല്പമാണ് ഇപ്പോഴും പലർക്കുമുള്ളത്. ഇടശ്ശേരിയുടെ പാരിസ്ഥിതിക ദർശനം ഏറ്റവും സമഗ്രമായിരുന്നു. അതിനു തെളിവുകളായി ഈ കവിതകളോരോന്നും സ്വീകരിക്കാം. ചകിരിക്കുഴികളുടെ ശില്പം തന്നെ പ്രാധാന്യമർഹിക്കുന്നു. ആദ്യം കപ്പൽ എന്ന കൂറ്റൻ ജലജീവിയുടെ ചിറകിലമരുന്ന ഞരമ്പായി കയറിനെ

കാണുന്ന കവി കേരളത്തിന്റെ കരവിരുതിനുദാഹരണമായി അതിനെ വാഴ്ത്തുന്നു. ഈ അത്ഭുതമോഹന കരശില്പത്തെ കാണുകയും ആസ്വദിക്കുകയും ചെയ്യുന്നവർ അതിനായി തൊണ്ടുചീയുന്ന ചകിരിക്കുഴികളിൽ അതിനൊപ്പം ചീയുന്ന ജീവിതത്തെക്കുറിച്ച് പറയുന്നില്ല. ആ പടുകുഴികളെ ആരും കാണാറില്ല എന്ന് വിലപിക്കുന്നു. മനുഷ്യസമൂഹത്തിന്റെ പൊതുവായൊരു മനോഭാവത്തെയാണ് ഈ ഓർമ്മപ്പെടുത്തലിലൂടെ കവി ചോദ്യം ചെയ്യുന്നത്. ഉപരി വർഗ്ഗത്തിന്റെ സുഖഭോഗങ്ങൾക്കായി കഷ്ടപ്പെടുന്നൊരു സമൂഹത്തെ ആരും ഓർക്കാറില്ലെന്നു മാത്രമല്ല അവഗണിക്കുകയും പരമപുച്ഛം പുലർത്തുകയും ചെയ്യുന്നു. ഭൂമിയുടെ അറ്റത്തേക്ക് എന്ന കവിതയിൽ:

ചൂഴും ചകിരിക്കുഴി ചുറ്റും വമിയ്ക്കും കെട്ട
ചൂരുകൊണ്ടഹർന്നിശം നിശ്വസിപ്പോർ:
ഓരു കലർന്ന കെട്ട നീരുകൊണ്ടദിനം
നീറുന്ന ജഠരത്തെത്തണുപ്പിക്കുന്നോർ,
ആർക്കുവേണ്ടിയോ വാഴ്വെ
ന്നോർക്കാതെ ജീവിക്കുന്നോ
രാർ കൊല്ലുന്നെന്നോരാതെ
ചത്തു പോവോർ,
നാലാൾ തൻ ജീവിതത്തിൽ
നാകം പണിയാനായി
നാറി നശിച്ചുപോകുമായിരങ്ങൾ

എന്ന് ഈ ദുരവസ്ഥയെ വ്യക്തമാക്കുന്നുണ്ട്. കറുത്ത ചെട്ടിച്ചി കളും ഒരു തലത്തിൽ ഇതേ ആശയം പകർന്നു തരുന്നുണ്ട്. ഭൂരിപക്ഷം കഷ്ടപ്പെടുകയും ന്യൂനപക്ഷം സുഖിക്കുകയും ചെയ്യുന്നൊരു പുരോഗതിയെക്കുറിച്ച് ഇടശ്ശേരി എന്നും സംശയാലുവായിരുന്നു. പൊന്നാനി എന്ന കവിതയിൽ ചേറിൽനിൽക്കുന്നൊരു താമരയായി പൊന്നാനിയെ അവതരിപ്പിക്കുന്ന കവി പേരുകേട്ട എൻജിനീയർന്മാരും ഡോക്ടറന്മാരും മന്ത്രിയും തന്റെ ദേശത്തെ സമ്പന്നമാക്കുന്നതായി അഭിമാനിക്കുന്നതോടൊപ്പം

അഴകാവർജ്ജിക്കുന്നീ
പ്പൂക്കളാൽ; അടിത്തട്ടിൽ
ക്കഴിയുന്നോരെ നിങ്ങ
ളെപ്പോഴും ചേറ്റിൽത്തന്നെ!

എന്ന് തിരിച്ചറിയുന്നുമുണ്ട്. പുറംയാഥാർത്ഥ്യങ്ങൾക്കപ്പുറമുള്ള യാഥാർത്ഥ്യത്തെ അന്വേഷിക്കുന്ന ഈ മനോഭാവം തന്നെയാണ് കല്പക വൃക്ഷച്ചുവട്ടിലെ നരകസങ്കല്പമാണ് തന്റെ നാട്ടിലെ ജീവിതം എന്ന തിരിച്ചറിവിലും എത്തുന്നത്.

ഈ വരികളിലൂടെ കടന്നു പോവുമ്പോൾ പുരോഗമനപ്രവർത്തനങ്ങളോട് കവിക്ക് എതിർപ്പായിരുന്നോ എന്ന സംശയം സ്വാഭാവികമാണ്. പുരോഗതി സമഗ്രമാവണം എന്ന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു അദ്ദേഹത്തിന്. പുറമ്പറമ്പ് എന്ന കവിതയിൽ ഈ മനോഭാവം വ്യക്തമായി കാണാം.

വർണശബളമാം പട്ടുപതാകകൾ
വിണ്ണിനെ മൂടിപ്പുതയ്ക്കിലെന്തേ കൃതം?
ഇന്നതിൻ ചോട്ടിലേ നീങ്ങുന്ന മർത്ത്യത
യ്ക്കന്നന്നു മാനം മറയ്ക്കലും ദുഷ്കരം!

ജീവിതം മലിനവും മൂകവും നാശോന്മുഖവുമായ് നീങ്ങുന്ന യാഥാർത്ഥ്യത്തെ മറന്നുകൊണ്ടുകൊണ്ടാണ് പുരോഗതി കൊട്ടിഗ്ഘോഷിക്കുന്നത്. ദിശാബോധമില്ലാത്ത പുരോഗമന പ്രവർത്തനങ്ങൾ പുറമ്പറമ്പുകളെ സൃഷ്ടിക്കും എന്ന മുന്നറിയിപ്പുകൂടി അദ്ദേഹം നൽകുന്നുണ്ട്.

വികലമായ ഇത്തരം പുരോഗമന പ്രവർത്തനങ്ങളിൽ പങ്കുചേരാനായി നഷ്ടപ്പെടുത്തിയ നന്മകളാണ് പുളിമാവു വെട്ടി എന്ന കവിതയിൽ അവതരിപ്പിക്കുന്നത്. പഴവും ഇളനീരും കൊണ്ട് തിരുവാതിരകളും പൂങ്കുലയുമായി പാലക്കാടൻ കുളിർക്കാറ്റു വരുമ്പോൾ സ്വീകരിച്ചാനയിക്കാൻ പുളിമാവില്ലാത്തതിനാൽ അവയൊന്നും ഇനി ഈ വഴി വരികേയില്ലെന്ന് ഓർമ്മപ്പെടുത്തുന്നു. ആഴക്കടലിൽ നിന്ന് മുത്തുകൾ വാരിക്കോരി നിറച്ച ചുമടുമായി അറബിക്കടലിൽ നിന്നും ഇടവപ്പാതികൾ എത്തുമ്പോൾ ഒരു പച്ചക്കൂടാരം തീർത്ത് അവയ്ക്ക്

ആതിഥ്യമോതാൻ ഇനി ആരാണെന്നു ചോദിക്കുന്നൊരാളുടെ ദീർഘദർശനം എത്ര വലുതാണ്. ജീവൻ നിലനിൽക്കുന്നത് പരസ്പരം ബന്ധപ്പെടുന്ന അനേകം ഘടകങ്ങളിലൂടെയാണ്. ഇതൊക്കെ മനുഷ്യന്റെ ശാസ്ത്ര ദൃഷ്ടിയിൽ വളരെ തുച്ഛവും നിസ്സാരവുമാവാം. ആകെപ്പാരിനെ വരളാൻ വിട്ട് ആത്മസുഖവും നഷ്ട പ്പെടുത്തിയ മനുഷ്യൻ ഇതു കൊണ്ട് നേടുന്നത് അഞ്ചുകാശിന്റെ കൈവല്ല്യമാണെന്ന് കവി വിലപിക്കുന്നു. ഭൗതികസമ്പത്തുകൊണ്ട് എന്തും നേടാമെന്ന മനുഷ്യന്റെ ദുർമ്മോഹത്തിനു നേരെയാണ് ഈ വരികൾ നിൽക്കുന്നത്. പൊട്ടി പുറത്ത് ശീവോതി അകത്ത് എന്ന കവിതയിൽ ഹിമാലയത്തിന്റെ പുറത്ത് എള്ളു വിതയ്ക്കാനാവുമോ എന്ന് അന്വേഷിച്ചു നടക്കുന്ന മനുഷ്യന്റെ ദുരയെ കവി അധിക്ഷേപിക്കിന്നുണ്ട്. തായം കളിക്കാരി ലാവട്ടെ തേനറ നിറയും മുൻപേ തേനീച്ചകളെ ചുട്ടുകരിക്കുന്ന മനുഷ്യൻ തൊപ്പിക്കരടികളോട് പലതും പഠിക്കേണ്ടതാണെന്ന് ഓർമ്മപ്പെടുത്തുന്നു. കാട്ടിൽ തേൻ കുടിക്കുന്നത് കരടികളാണ്. ജീവസന്ധാരണത്തിന് ഒരു മൃഗം മറ്റൊന്നിനെ ആശ്രയിക്കുന്നതിനപ്പുറം ഇതൊരിക്കലും ചൂഷണമോ അപഹരിക്കലോ ആവുന്നില്ല. ഇടശ്ശേരി എന്ന കവിയുടേയും ഇടശ്ശേരി എന്ന മനുഷ്യന്റെയും പരിസ്ഥിതി ദർശനം എത്ര സമഗ്രമായിരുന്നു എന്നറിയാൻ ഈ വരികൾ മതി.

മനുഷ്യനെങ്ങനെ ഇത്ര അഹങ്കരിക്കാനാവുന്നു എന്ന് കവിക്കൊരിക്കലും മനസ്സിലാവുന്നില്ല. കാലടികൾ പറിച്ചുവെയ്ക്കുമ്പോൾ കാട്ടുകമ്പിലൂന്നേണ്ടുന്ന മർത്യൻ ആകാശത്തിന്റെ നീലിമ പുൽകാനാഗ്രഹിക്കുന്നത് തികഞ്ഞ അത്യാഗ്രഹമല്ലാതെ മറ്റെന്താണ്? ഈ അത്യാഗ്രഹംകൊണ്ട് നേടിയതെന്താണ്? നാടു വളർന്നു എന്നാണ് ഉത്തരമെങ്കിൽ ആ വളർച്ചയെ വളർച്ചയായി കാണാൻ കവിക്കാവുന്നില്ല. അഴകാർന്ന മെയ്യിലെ അരിമ്പാറകൾ പോലെയാണ് നഗരങ്ങൾ എന്നാണ് കവിക്ക് തോന്നുന്നത്. പുരോഗമനത്തിന്റെ ഉദാഹരണമായി ജനങ്ങൾ ചൂണ്ടിക്കാണിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ കനാലാവട്ടെ ഒരു പൂപോലും വിടരാത്ത മത്തൻ വള്ളിപോലെയാണെന്ന് പറയുമ്പോൾ ഇതൊരു ശക്തമായ വിപരീത സ്വരമാവുന്നു. പൈതൃകമായി കിട്ടിയ സംസ്ക്കാരത്തെ ഇല്ലായ്മ ചെയ്തുകൊണ്ടാണ് ഇത്തരം വിഡ്ഢിത്തങ്ങൾക്ക് നാം കൂട്ടുനിൽക്കുന്നതെന്നും ഓർക്കേണ്ടതാണ്. പൈതൃകം മറന്നു പോയതുകൊണ്ടാണ് നമ്മുടെ പുറത്ത് വെള്ളക്കാളകൾ കയറിനിരങ്ങുന്നതും അവന്റെ ചാട്ടവാറുകൾ നമ്മുടെ മുതുകത്ത് വീഴുന്നതും (പൊട്ടി പുറത്ത് ശീവോതി അകത്ത്) പഴമയോടുള്ള അതിരുകടന്ന സ്നേഹം കവിയെ നയിക്കുന്നുവോ എന്ന സംശയം ജനിപ്പിക്കാനിടയുള്ള വരികളാണിവ. ബുദ്ധന്റെ പ്രതിമ എടുത്തെറിഞ്ഞ് നരിയിൽ നിന്ന് രക്ഷനേടാനുപദേശിക്കുന്ന ഒരാൾ തീർച്ചയായും അകർമണ്യതയെ പുൽകാനല്ല ഉപദേശിക്കുന്നത്. പോയ കാലത്തിന്റെ കെട്ട ചൂരുള്ള സൗധത്തെ വൃത്തിയാക്കണമെന്നും പഴകിയചാലുകൾ മാറ്റണമെന്നും ഉറക്കെ പറഞ്ഞ ഒരാൾ

ഇത്തറവാടിത്തഘോഷണത്തെപ്പോലെ വൃത്തികെട്ടിട്ടില്ല മറ്റൊന്നുമൂഴിയിൽ

എന്നു കൂടി പ്രഖ്യാപിക്കുന്നതോടെ സ്വന്തം നിലപാടുകൾ വ്യക്തമാക്കുന്നു. പഴമയെ അതേപടി പുൽകാനല്ല ആ നന്മകളുടെ പുനരുജ്ജീവനമായിരുന്നു അദ്ദേഹത്തിന്റെ ആഹ്വാനം ശാസ്ത്രയുക്തിക്ക് നിരക്കാത്തതത്രയും പുച്ഛത്തോടെ തള്ളിക്കളയുകയും മറന്നുകളയുകയുമാണ് ഇന്ന് നാം ചെയ്യുന്നത്. ഈ മറവിക്കെതിരെ സ്മൃതിയുടെ പ്രതിരോധം കൊണ്ടുവരേണ്ടതുണ്ട്. ഈ സ്മൃതിയെയാണ് മുത്തശ്ശി എന്ന ബിംബത്തിലൂടെ ഇടശ്ശേരി അവതരിപ്പിക്കുന്നത്. മുത്തശ്ശിയുടെ മടിയിൽ കിടന്നു പഠിച്ച പാഠങ്ങൾ ഉറച്ചുകഴിഞ്ഞതാണെന്നും അവയെ മാറ്റിമറിക്കാൻ ഒരു ശാസ്ത്രത്തിനും ആവില്ലെന്നുമാണ്. സത്യവും സൗന്ദര്യവും എന്ന കവിത പറയുന്നത്. ഒന്നുറങ്ങാൻ എന്ന കവിതയിലാവട്ടെ സ്വസ്ഥമായി ഒന്നുറങ്ങാനായി തന്നെ സ്വപ്നഭൂമികയിലേക്ക് നയിക്കാനാവശ്യപ്പെടുന്നു. മുത്തശ്ശി അനാരോഗ്യവതിയാണെങ്കിലും വേച്ചും കിതച്ചും കൂനിയുമാണ് നടക്കുന്നതെങ്കിലും സഹിഷ്ണുത എന്ന ഗുണമുണ്ടെങ്കിലും ഇതേ സഹിഷ്ണുതയാണ് പുരോഗതിയുടെ കാലത്ത് നമുക്ക് നഷ്ടമായത്. ഉരുക്കും റബ്ബറും സിമന്റുമില്ലാത്തതും കരിമ്പുകവീർപ്പിൻ കഴൽ നിറയ്ക്കാത്തതുമായ ധാരാ വിഭാഗങ്ങളിലേക്ക് എത്തിക്കാൻ മുത്തശ്ശിക്കാവും എന്നു വിശ്വസിക്കുന്നു.

ഗാട്ട്, പേറ്റന്റ് എന്നീ വാക്കുകൾ നാം കേട്ടു പരിചയിക്കുന്നതിനെത്രയോ മുൻപാണ് കച്ചോടച്ചരക്ക് എന്ന കവിത എഴുതിയത്. വിദേശിക്ക് ഏലവും

കുരുമുളകും തങ്കത്തിന്റെ കിഴിക്കെട്ടുകൾക്കുപകരം കൈമാറ്റം ചെയ്യുന്ന മനോഭാവമാണ് കവിതയുടെ വിഷയം. മനുഷ്യൻ അത്യാഗ്രഹം കൊണ്ട് ചെയ്യുന്ന ഇത്തരം പ്രവൃത്തികളെ പരിഹസിച്ചുകൊണ്ട് കുയിലുപാടുന്നതുകേട്ട് കവി ചൂളിപ്പോവുന്നു. കുയിലിനെ ആട്ടിയോടിക്കാൻ പോലുമാവാതെ നിൽക്കുന്ന കവി വിദേശവിപണിയിൽ കെട്ടിയ പയ്യിന്റെ പകച്ച കണ്ണുകളോടെ നിൽക്കുന്ന സ്വന്തം നാടിനെ നിറഞ്ഞ വേദനയോടെ കാണുന്നു. ഇതാണ് കവിയുടെ ക്രാന്തദർശിത്വവും വിപരീതസ്വരവും. കുറ്റിപ്പുറം പാല ത്തിൽ നിൽക്കുമ്പോൾ നിളാ നദി പാലത്തിൻ നാട്ടനൂഴുന്നതോർക്കുമ്പോൾ കവിക്ക് ചിരി വരുന്നുണ്ട് എങ്കിലും അറിയാതെ ഒരു നൊമ്പരവും ഉണ്ടാവുന്നു. അതിനവസാനമാണ് അംബ പേരാറെ നീ മാറിപ്പോമോ ആകുലയാമൊരഴുക്കുചാലായ് എന്ന ചോദ്യമുണ്ടാവുന്നത്. 1954 ലാണ് കുറ്റിപ്പുറം പാലം എന്ന കവിത എഴുതുന്നത്. നാടിന്റെ സർവ്വതോന്മുഖമായ പുരോഗതിയുടെ ലക്ഷണമായി ഈ പാലം സകലരും സ്വീകരിക്കുന്നതിനിടയ്ക്കാണ് ഒരു വെളിപാടുപോലെ ഈ വരികൾ വരുന്നത്. മണൽ വാരി വാരി നിള നദിയില്ലാതെയാവുകയും ഒരു അഴുക്കുചാലായി നിള ഒഴുകുകയും ചെയ്യുന്നു.

വ്യക്തിഗതമായ അവസ്ഥകളിൽ മാത്രം തല്പരമായൊരു സമൂഹത്തോടാണ് ഇതൊക്കെ പറഞ്ഞിരുന്നത് എന്നതുകൊണ്ട് വേണ്ടത്ര പരിഗണന ഇത്തരം വിപരീതസ്വരങ്ങൾക്ക് ഒരിക്കലും ലഭിക്കുന്നില്ല. പക്ഷേ ഭരണീയഭൂരിപക്ഷങ്ങൾ പറയുന്നവയത്രയും അതേപടി സ്വീകരിക്കാനാവാതെ കവി നിരന്തരം തന്റെ തോന്നലുകൾ ലോകത്തോട് പറഞ്ഞുകൊണ്ടിരിക്കുന്നു. അങ്ങനെ അത് വിപരീതസ്വരമാവുന്നു. ●